**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1967** **29-07-2021 - ൽ മറുപടിയ്ക്ക്**

**വേസ്റ്റ് ടു എനർജി പ്ലാന്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ്,<br>ശ്രീ. പി. ജെ. ജോസഫ്,<br>ശ്രീ. അനൂപ് ജേക്കബ് ,<br>ശ്രീ. മാണി. സി. കാപ്പൻ | | Shri. K. Krishnankutty<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | മാലിന്യത്തിൽ നിന്ന് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന സംസ്ഥാനത്തെ ആദ്യ പദ്ധതിയുടെ നിലവിലെ അവസ്ഥ എന്താണെന്നറിയിക്കാമോ; | (എ) | മാലിന്യത്തിൽ നിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിന് എറണാകുളത്ത് കൊച്ചി കോർപ്പറേഷൻ പരിധിയിൽ ബ്രഹ്മപുരത്ത് 9.76 മെഗാവാട്ട് ശേഷിയുള്ള പദ്ധതിക്കായി M/s G.J. Eco Power Pvt. Ltd. എന്ന സ്ഥാപനത്തെ നിർണ്ണയിക്കുകയും അവരുമായി കൊച്ചി കോർപ്പറേഷൻ കരാറിൽ ഏർപ്പെടുകയും ചെയ്തിരുന്നു. എന്നാൽ സാമ്പത്തിക അച്ചടക്കം സംബന്ധിച്ച രേഖകൾ സമർപ്പിക്കാത്തതിനാൽ ഗവൺമെന്റ് ഉത്തരവ് പ്രകാരം പദ്ധതി റദ്ദാക്കി പകരം റീ-ടെൻഡർ നടപടികൾ പുരോഗമിക്കുന്നു. തിരുവനന്തപുരം കോർപ്പറേഷൻ പരിധിയിൽ ചാല എരുമക്കുഴിയിൽ ഒരു പദ്ധതി വിഭാവനം ചെയ്തിരുന്നു. അതിന്റെ പ്രാരംഭ ഘട്ടത്തിൽ തന്നെ സമീപവാസികളുടെ എതിർപ്പ കാരണം പദ്ധതി ഉപേക്ഷിക്കേണ്ടി വന്നു. നിലവിൽ കോഴിക്കോട് ജില്ലയിലെ ഞെളിയംപറമ്പ് കേന്ദ്രമാക്കി മാലിന്യത്തിൽ നിന്നും 6 മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന നിലയം നിർമ്മിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ മലബാർ വേസ്റ്റ് മാനേജ്മെന്റ് ലിമിറ്റഡ് എന്ന സ്ഥാപനവുമായി ആരംഭിച്ചിട്ടുണ്ട്. |
| (ബി) | വൈദ്യുതി നിരക്ക് സംബന്ധിച്ച് കെ.എസ്.ഇ.ബി.യുമായി കരാറിൽ ഏർപ്പെട്ട കമ്പനി ധാരണയിൽ എത്തിയിട്ടുണ്ടോ എന്ന് വിശദീകരിക്കാമോ; വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ നിർദ്ദേശിച്ച നിരക്കിൽ വൈദ്യുതി വാങ്ങാൻ കെ.എസ്.ഇ.ബി. കരാറിൽ ഒപ്പുവെച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | (ബി) | കോഴിക്കോട് ജില്ലയിലെ ഞെളിയംപറമ്പ് കേന്ദ്രമാക്കി മാലിന്യത്തിൽ നിന്നും 6മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന പദ്ധതിയിൽ നിന്നും വൈദ്യുതി വാങ്ങുന്നതിനു മലബാർ വേസ്റ്റ് മാനേജ്മെന്റ് ലിമിറ്റഡ് എന്ന സ്ഥാപനവുമായി കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മിഷൻ നിശ്ചയിച്ച `6.81/Unit എന്ന നിരക്കിൽ വൈദ്യുതി വാങ്ങുവാൻ കെ.എസ്.ഇ.ബി.എൽ. ധാരണ ആയിട്ടുണ്ട്. നിലയത്തിൽ നിന്നുള്ള വൈദ്യുതി |

| | | | |
|---|---|---|---|
| | | | വാങ്ങൽ കരാർ ഒപ്പ വയ്ക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ നടക്കുകയാണ്. |
| (സി) | കെ.എസ്.ഐ.ഡി.സി.യുടെ മേൽനോട്ടത്തിലാണോ പ്ലാന്റ് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നതെന്നും എങ്കിൽ എവിടെയൊക്കെയെന്നും എത്ര മെഗാവാട്ടിന്റെ പദ്ധതികളാണ് ഇവയെന്നും വിശദമാക്കാമോ? | (സി) | കെ.എസ്.ഐ.ഡി.സി.യുടെ നേതൃത്വത്തിൽ 5 മെഗാവാട്ട് സ്ഥാപിത ശേഷിയുള്ള പ്ലാന്റ് ആണ് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത്. തിരുവനന്തപുരം, കോഴിക്കോട് ജില്ലകൾ കൂടാതെ കൊല്ലം (കുരീപ്പുഴ), ഇടുക്കി (മൂന്നാർ), പാലക്കാട്, വയനാട്, കണ്ണൂർ എന്നീ ജില്ലകളിൽ പ്ലാന്റ് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ട് |

സെക്ഷൻ ഓഫീസർ